LIBRARY ARCHIVES Kerala Legislative Assembly

അതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നൽകിയ പരാതിയിലെ അന്വേഷണം

142(5731) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അനുവദിച്ച ടാർ കൊണ്ടുപോകവേ, വെറ്റിലപ്പാറ സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റിൽ പിടിച്ചുടുകയും ഫൈൻ ഈടാക്കുകയും ചെയ്ത സംഭവത്തിനെതിരെ ജില്ലാ പഞ്ചായത്ത് 2014 മാർച്ചിൽ അതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സിൽ അന്വേഷണം പൂർത്തിയാക്കുകയോ പ്രതികളെ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വെറ്റിലപ്പാറ എക്സ് സർവ്വീസ്മെൻ കോളനി റോഡിലുള്ള വർക്ക് സൈറ്റിൽനിന്നും 12 വീപ്പ ടാർ കുറവായി കാണപ്പെട്ട കാര്യത്തിന് 9-4-2014-ാം തീയതി അതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി കരാറുകാരനായ വി. പി. സെബാസ്റ്റ്യൻ എന്നയാൾക്കെതിരെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 582/14 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിൽ അന്വേഷണം തുടർന്നുവരുന്നതുമാണ്. ഈ കേസിൽ പ്രതികളെ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുവാൻ അതിരപ്പിള്ളി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അസിസ്റ്റന്റ് കമാൻഡന്റ് നിയമനം

143(5732) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗിൽ ആരെയാണ് അസിസ്റ്റന്റ് കമാൻഡന്റ് ആയി നിയമിച്ചത് എന്നറിയിക്കാമോ ;

(ബി) ഈ തസ്തികയിൽ നിയമിതനാകുന്നതിന് മുമ്പ് ടിയാൻ ഏതെല്ലാം കമാൻഡോ കോഴ്സുകൾ പാസ്സായിട്ടുണ്ട് ; ഏതെല്ലാം കമാൻഡോ/ജംഗിൾ ട്രെയിനിംഗ് നടത്തിയിട്ടുണ്ട് ; ടിയാന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എന്താണ് ;